

( ഒരു വിനോദസങ്കൽപ്പം )

"നിങ്ങൾ പറഞ്ഞതൊക്കെ ശരിയാണ്. സമ്മതിക്കുന്നു. പക്ഷേ, എനിക്കു നിങ്ങളെപ്പോലെ ആവേശംകൊള്ളാൻ സാധ്യമല്ല."

"അദ്ദേഹത്തിന്റെ കൃതികളൊന്നും വായിച്ചിട്ടില്ല. അതാണു കാരണം."

"അവൻ എഴുതിയതെല്ലാം ഞാൻ വായിച്ചിട്ടുണ്ട്. ചിലതു രണ്ടും മൂന്നും തവണ. പക്ഷേ, അതു ഞാൻ പരസ്യമായി സമ്മതിക്കുകയില്ല."

"അതു കൊള്ളാമല്ലോ, സാറേ. വളരെ രസമായിരിക്കുന്നു. നിങ്ങൾ തമ്മിൽ വിരോധമാണോ?"

"ഒരു വിരോധവുമില്ല. എന്നല്ല, വലിയ സ്നേഹവുമാണ്. ഞങ്ങൾ ഒരേ നാട്ടുകാരും ഒരുമിച്ചു പഠിച്ചവരും ആണ്."

"ശരിയോ? അതു ഞാൻ അറിഞ്ഞിരുന്നില്ല. പരിചയം കാണും എന്നേ വിചാരിച്ചുള്ളു. അപ്പോൾ പണ്ടേ തുടങ്ങിയതാണ് അല്ലേ?"

"എന്തൊന്നു തുടങ്ങാൻ? എന്റെ പാട്ടു നോക്കി ഞാൻ ജീവിക്കുന്നു. അവന്റെ പാട്ടിനു അവനും."

"എന്നാലും സാറേ, ഇത്ര പ്രസിദ്ധനും പ്രതിഭാശാലിയുമായ പഴയ കൂട്ടുകാരനെപ്പററി അഭിമാനം തോന്നാറില്ലേ?"

"അത്ര വളരെ അഭിമാനിക്കാൻ എന്തിരിക്കുന്നു. അവൻറത്രേം സമ്പാദ്യം എനിക്കുമുണ്ട്."

"അതു കിടക്കട്ടെ. അക്കാര്യമല്ലല്ലോ നമ്മൾ പറയുന്നതു്."

"കിടക്കട്ടെ, എന്നോ? കൊള്ളാം! അതിലല്ലെ ഈ പേരും പെരുമയുമെല്ലാം അവസാനം വന്നുനില്ക്കുന്നതു്. അവനെപ്പററി പറയുമ്പോൾ എനിക്കു് അങ്ങിനെ മാത്രമേ മനസ്സമാധാനം കിട്ടുകയുള്ളു."

"സാറേ! അതോർത്തു് മനസ്സു പുണ്ണാക്കേണ്ട. ഞാനും ഒരു എഴുത്തുകാരനാണ്. ഇതുകൊണ്ടൊന്നും പണമുണ്ടാക്കാൻ പററുകയില്ല. ആധാരമെഴുത്താണു് ഇതിനേക്കാൾ എത്രയോ ആദായകരം. കവിതയെഴുതി പണം സമ്പാദിച്ചെന്നോ! കൊള്ളാം!"

"നിങ്ങൾ എന്തോ പറയുന്നു. എന്റെ അറിവു് അതല്ല. അവൻ എഴുതുന്നതു മുഴുവൻ തനിപ്പൊന്നായി മാററുന്നു എന്നാണു്, എന്റെ പരിചയക്കാരെല്ലാം പറയുന്നതു്. ഓരോ കവിതക്കും 500 രൂപയെങ്കിലും കിട്ടുകില്ലെ? നല്ല നീണ്ട കവിതയാണെങ്കിൽ അതിന്റെ ഇരട്ടിയും."

"അതിന്റെ കണക്കൊന്നും എനിക്കു് അറിഞ്ഞുകൂടാ. പണ്ടൊക്കെ അച്ചടിക്കുന്നതിനു് അങ്ങോട്ടു പണം കൊടുക്കണമായിരുന്നു എന്നാണു് പറയുന്നതു്. ഇന്നിപ്പോൾ ആ നില മാറിയിട്ടുണ്ടു്. കവിതയെഴുതിയാലും വല്ലതും കിട്ടും."

"വല്ലതുമൊന്നുമല്ല. നിങ്ങൾക്കറിഞ്ഞുകൂടാ. എഴുത്തുകാരനാണെന്നു പറഞ്ഞപ്പോൾ ഉള്ളുകള്ളികൾ നിശ്ചയമുണ്ടെന്നു വിചാരിച്ചു. ഇല്ലെന്നു് ഇപ്പോൾ സ്പഷ്ടമായി. അവന്റെ കവിതകൾ എല്ലാ ദിക്കിലും കണ്ടുതുടങ്ങിയപ്പോൾ ഇതേക്കുറിച്ചുള്ള ആലോചനയാണു് എന്റെ മനസ്സിൽ ആദ്യമുണ്ടായതു്. ഞാൻ പരിചയക്കാരിൽ പലരോടും ചോദിച്ചു. അവരെല്ലാം പറഞ്ഞ നിരക്കുവച്ചാണു് ഞാൻ അവന്റെ സമ്പാദ്യം കണക്കാക്കിയതു്. കൂടെ വളർന്നവനല്ലെ. അങ്ങനെ വിടരുതല്ലോ."

"ഓഹോ! സാറു കുറെ ഗവേഷണം നടത്തിയിരിക്കണമല്ലോ!"

"നടത്തി. നിങ്ങളാണെങ്കിലും നടത്തും. അല്ലെങ്കിൽ ഉറക്കം വരുമോ? വലിയ വെണ്ടയ്ക്കാ അക്ഷരത്തിൽ അവന്റെ കവിത അച്ചടിച്ചുവരുമ്പോൾ ഞങ്ങൾ ആദ്യമൊന്നു് മറിച്ചു നോക്കും: എത്രയുണ്ടെന്നറിയാൻ. പിന്നെ മുഖത്തോടുമുഖം നോക്കും. ആ നോട്ടത്തിൽ സകലതും അടങ്ങും. ഓരോരുത്തരുടെയും അടങ്കലും കിട്ടും:—

അഞ്ഞൂറു്!

അതുപോര. ആയിരമെങ്കിലും വരും.

അത്രയ്ക്കുണ്ടോ?

താനെന്തറിഞ്ഞു കുറുപ്പേ!

ശരി. 750-ൽ കുറയുകയില്ലെന്നു തീരുമാനിക്കാം. ഈ എസ്റ്റിമേററു് കഴിഞ്ഞതിനു ശേഷമാണു് വായന. ഓരോരുത്തരും മാറി മാറി കൊണ്ടുപോകും. എല്ലാവരുടെയും വായന കഴിഞ്ഞാൽ വീണ്ടും ഒരു ചർച്ചയുണ്ടു്."

"അതു വേണമല്ലൊ. കവിതയുടെ സൗന്ദര്യം ആസ്വദിക്കാനുള്ള ഏററവും നല്ല മാർഗ്ഗമാണതു്."

"സൗന്ദര്യവും മണ്ണാങ്കട്ടയും ഒന്നുമല്ല. ആദ്യത്തെ എസ്റ്റിമേററു് ശരിയായോ എന്ന കാര്യമാണു് ചർച്ചചെയ്യുന്നതു്."

നമ്മളു് അന്നു പറഞ്ഞതു് അടിയോടെ തെററി.

അതെന്താ?

Digitized by Kerala Sahitya Akademi

അവൻ ഇതുവരെ എഴുതിയതിനെക്കാളൊക്കെ കേമമായിട്ടുണ്ട്. ഇതിന് രണ്ടായിരമെങ്കിലും മതിക്കണം.

എയ്! അതൊന്നുമില്ല കുറുപ്പേ. ഇതെന്തോന്ന് ഭാഗ്യക്കുറിയോ?

ഭാഗ്യക്കുറിയൊന്നുമല്ല. പക്ഷേ, വായിച്ചാൽ ആരും ഇളകിപ്പോകും.

അതു് ഞാനും സമ്മതിക്കുന്നു.

അതുകൊണ്ടാണ് ആയിരത്തിലും കവിയുമെന്ന് ഞാൻ പറയുന്നതു്.

ശരി. 1500 എന്നു തീരുമാനിക്കാം.

"ഇതു് നല്ലൊരു സാഹിത്യസമാജമാണല്ലോ. ഇങ്ങനെ ഒരു നിരൂപണ സമ്പ്രദായം ഞാൻ ഇതുവരെ കേട്ടിട്ടില്ല."

"എന്നാൽ ഇപ്പോഴെങ്കിലും കേൾക്കണം. ഇപ്പറഞ്ഞതുപോലെയുള്ള "റിസൈവ്ഡ് എസ്റ്റിമേററിൽ എത്തിയാൽ ഞങ്ങൾ വീണ്ടും അതു കൊണ്ടുപോയി വായിക്കും. ഇങ്ങനെ ഒരേ കവിതതന്നെ മൂന്നും നാലും തവണ വായിച്ച അവസരങ്ങൾ ഉണ്ടായിട്ടുണ്ടു്."

"അങ്ങിനെ വീണ്ടും വീണ്ടും വായിച്ചാൽ കവിത മനപ്പാഠമായിപ്പോകുമല്ലോ. സാറിനു് വല്ലതും തോന്നുമോ?"

"ഇല്ല. പക്ഷേ, കുറുപ്പിനു് നല്ല ഓർമ്മശക്തിയാണു്. അയാൾ അവൻ എഴുതിയതു മുഴുവൻ കാണാപ്പാഠം ചൊല്ലും. അതുകൊണ്ടു് ഒരു അക്കിടിയും പററി"

"അതെന്തു്?"

"പറയാം. അയാളൊരിക്കൽ കേസിനപോയ വഴിക്കു് ഒരു യോഗത്തിനു് ആളു കൂട്ടുന്നതുകണ്ടു. അവൻെറ കവിതയെപ്പററിയുള്ള സിമ്പോസിയമോ സെമിനാറോ ആയിരുന്നു. കൗതുകം തോന്നി, കേറാമെന്നു കരുതി. ടിക്കററുമൊന്നുമില്ല. ആളും കുറവായിരുന്നു. ഗ്രഹപ്പിഴയ്ക്കു് ഒരു പരിചയക്കാരൻ അയാളെ കാണുവാൻ ഇടയായി. കവിയുടെ നാട്ടുകാരനും സഹപാഠിയുമാണെന്നു് പലരോടും പറഞ്ഞു. ഇതറിഞ്ഞപ്പോൾ ഭാരവാഹികൾ ആദരവോടെ ക്ഷണിച്ചു് അയാളെ മുൻപന്തിയിൽ ഇരുത്തി. 'അയ്യോ, ഞാൻ ഇവിടെ ഒരു കേസിനു വന്നതാണു്. എനിക്കു് കവിതയും പ്രസംഗവും ഒന്നുമില്ല. നിങ്ങൾ പറയുന്ന ആളിൻെറ കൂടെ പഠിച്ചു എന്നതു സത്യമാണ്. പക്ഷേ, ആ വിദ്വാൻ എഴുതിയതൊന്നും ഞാൻ വായിച്ചിട്ടില്ല, ഞാൻ വളരെ ബദ്ധപ്പാടുള്ള മനുഷ്യനാണു്.' എന്നു് കുറുപ്പു് അടുത്തിരുന്നവരോടെല്ലാം പറഞ്ഞു. ഞങ്ങൾ അങ്ങിനെയേ പറയാറുള്ളു. ഞങ്ങളും കൂടി അവനെ വാഴ്ത്തി കേമനാക്കുന്നതെന്തിനു്?

"എന്തായാലും കുറുപ്പിനു് മീററിംഗിൽ ഇരിക്കേണ്ടിവന്നു. ഇത്രവളരെ ഉപചാരം കാണിച്ചപ്പോൾ ഇറങ്ങിപ്പോകുന്നതു് ഭംഗിയല്ലല്ലോ. അതിനിടയ്ക്കു് ഒരു പ്രസംഗക്കാരൻ അവൻെറ ഒരു കവിത ഉദ്ധരിക്കാൻ ശ്രമിച്ചു. രണ്ടുവരി ചൊല്ലിയപ്പോൾ ബാക്കി തോന്നാതെ വാപൊളിച്ചുനിന്നുപോയി. പാവം കുറുപ്പു് ആ സന്ദർഭത്തിൽ, അടുത്തിരുന്നവരോടു് അതുവരെ പറഞ്ഞതെല്ലാം മറന്നു്, സ്വസ്ഥാനത്തു് എഴുന്നേററുനിന്നു് അതിൻെറ ബാക്കിഭാഗം ചൊല്ലിക്കൊടുത്തു. സദസ്യർ കരഘോഷം മുഴക്കി. വിചാരിക്കാതെ വന്നുകേറിയെങ്കിലും 'ഖ്യാതിയടിച്ചല്ലൊ' എന്നു സന്തോഷിച്ചു് ഇരുന്നപ്പോൾ ചുററുമുള്ളവർ അയാളുടെ നേർക്കു തിരിഞ്ഞു്, 'നിങ്ങളൊരു ഭയങ്കര കള്ളനാണല്ലൊ. ഇതെന്തു മനഃസ്ഥിതി! മീററിംഗ് കഴിയട്ടെ, ബാക്കി പറയാം' എന്നു് ആക്ഷേപിച്ചു. കുറുപ്പിനു ഭയമായി. പരിചയമില്ലാത്ത സ്ഥലം. കള്ളനാണെന്നു് തെളിയുകയും ചെയ്തു. എന്തുചെയ്യും! മീററിംഗിനു് കൊഴുപ്പുകൂടി. എല്ലാവരും പ്രസംഗങ്ങളിൽ ശ്രദ്ധിച്ചിരിക്കുകയാണെന്നുകണ്ട സന്ദർഭത്തിൽ അയാൾ കുനിഞ്ഞുനടന്നു് വെളിയിൽ ഇറങ്ങി ഒരൊററ ഓട്ടം ഓടി രക്ഷപ്പെട്ടു. ഇന്നും കവിത ചൊല്ലാൻ പറഞ്ഞാൽ അയാൾ വിരലുകടിച്ചു് കൈകൂടഞ്ഞു് 'ഫ്! ഫ്! നാണക്കേടായിപ്പോയി' എന്ന മുഖവുരയോടുകൂടിയേ അതു ചെയ്യുകയുള്ളൂ."

"ഇതു് അദ്ദേഹത്തിൻെറ കവിതയേക്കാളും രസകരമായിരിക്കുന്നു. എന്നാലും പണത്തിൻെറയും സമ്പാദ്യത്തിൻെറയും കാര്യമെല്ലാം കളയണം, സാറേ. അദ്ദേഹം സമ്പാദിക്കട്ടെ, സമ്പാദിക്കാതിരിക്കട്ടെ, അതിൻെറ ഗുണവും ദോഷവും ഒന്നും നാം അനുഭവിക്കേണ്ടല്ലോ. നമുക്കു് അത്ഭുതകരമായ ആ കവനകലാവൈഭവത്തെപ്പററി സംസാരിക്കാം. അതൊരു മഹാസിദ്ധിയല്ലേ? നമ്മുടെ ഭാഷയ്ക്കും സംസ്കാരത്തിനും വിലതീരാത്ത അനുഗ്രഹം!"

"നിങ്ങളെന്നെ ശുണ്ഠിപിടിപ്പിക്കാൻ വന്നിരിക്കുകയാണു്. അവൻെറ എഞ്ജിനീയറിങ് എട്ടത്തിട്ടുണ്ടോ? ഞങ്ങളവനെ വിലയിരുത്തി, ഞങ്ങളുടെ നിലവാരത്തിൽ കെട്ടിനിർത്താൻ നോക്കുമ്പോൾ നിങ്ങളെന്തിനു് ഇവിടെവച്ചു് അവനെ വാഴ്ത്താൻ ശ്രമിക്കുന്നു. ഞങ്ങൾക്കാർക്കും അറിഞ്ഞുകൂടാത്ത അവതാരപുരുഷനാണെന്നാണോ വിചാരം?"

"എന്തിനാണു സാറേ, ഇത്രവളരെ അരിശപ്പെടുന്നതു്?"

"പറയാം. മനുഷ്യരുടെ ഇടയ്ക്കു് സമത്വം നിലവിൽ വന്നിരിക്കുന്ന കാലമാണിതു് ആരും ആരേക്കാളും കേമനല്ല. കവിതയെഴുതിയാലും ശരി. സിനിമാതാരമായാലും ശരി. കൂടുതൽ സമ്പാദിക്കുകയില്ലെന്നു് ഉറപ്പുതരാമെങ്കിൽ അവനെയും ബഹുമാനിക്കാം. ആക്ഷേപമില്ല! പക്ഷേ, അവൻെറ കാര്യം അങ്ങിനെയല്ലെന്നാണു് ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നതു്. ഈ ലോകത്തിൽ ആകെയുള്ള സമ്പത്തിനു് കണക്കുണ്ടു് അതു് ചിലരുമാത്രം കൈയ്യടക്കിയാൽ മററുള്ളവർക്കു് അത്രത്തോളം കുറയും. ആ ചിന്തപോലും സഹിക്കാൻ സാദ്ധ്യമല്ല. അങ്ങിനെയുള്ള ദ്രോഹത്തിനു് ഞങ്ങൾ കൂട്ടുനില്ക്കുകയില്ല. ഇതാണു് കാര്യം. മനസ്സിലായോ?"

—o—

Digitized by Kerala Sahitya Akademi